**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1764** **11-10-2024 - ൽ മറുപടിയ്ക്ക്**

**നൂതന പഠന വകുപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീമതി ദെലീമ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ശാസ്ത്ര സാങ്കേതികരംഗത്തെ വളർച്ചയും പഠനഗവേഷണ പ്രവർത്തനങ്ങളും സമന്വയിപ്പിക്കുന്നതു ലക്ഷ്യമിട്ട് നൂതന പഠന വകുപ്പുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ശാസ്ത്ര സാങ്കേതികരംഗത്തെ വളർച്ചയും പഠനഗവേഷണ പ്രവർത്തനങ്ങളും സമന്വയിപ്പിക്കുന്നതു ലക്ഷ്യമിട്ട് സർവ്വകലാശാലകൾ നൂതന പഠന വകുപ്പുകൾ ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും ദേശീയതലത്തിലെ മത്സരപരീക്ഷകളിൽ മികച്ചപ്രകടനം കാഴ്ചവയ്ക്കുന്നതിനും അനുയോജ്യമായ വിധത്തിൽ നൂതന സാങ്കേതിക വിദ്യകളിലും, മാറിവരുന്ന വിദ്യാഭ്യാസ സമ്പ്രദായങ്ങൾക്കനുസൃതവുമായ കോഴ്സുകൾ ആണ് സർവകലാശാലകളിലെ പഠനവകുപ്പുകളിൽ നടത്തപ്പെടുന്നത്. വിവിധ വൈജ്ഞാനിക മേഖലകളിലെ നൂതന സങ്കേതങ്ങൾ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഗവേഷണം പ്രോത്സാഹിപ്പിച്ചും ഗവേഷണ ഫലങ്ങൾ പൊതു സമൂഹത്തിന്റെ ആവശ്യങ്ങൾക്കുതകുന്നവിധം സേവനങ്ങളായും ഉൽപ്പന്നങ്ങളായും രൂപകൽപ്പന ചെയ്തും വിദ്യാർത്ഥികളിലെ സംരംഭകത്വം പ്രോത്സാഹിപ്പിച്ചും വിവിധ മേഖലകളെ ഏകോപിപ്പിച്ച്, ആധുനിക പശ്ചാത്തല സൗകര്യങ്ങളും, ശാസ്ത്ര സാങ്കേതിക ഉപകരണങ്ങളും സാമ്പത്തിക സഹായങ്ങളും സജ്ജമാക്കി സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതുവഴി വിജ്ഞാന സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്നതിന് പ്രസ്തുത പഠന വകുപ്പുകൾ ലക്ഷ്യം വെയ്ക്കുന്നു. |
| (ബി) | ഉന്നതവിദ്യാഭ്യാസരംഗത്തും വൈജ്ഞാനിക മേഖലയിലും ഇതിലൂടെ പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ; | (ബി) | (എ)-യിൽ നൽകിയിരിക്കുന്നു. |
| (സി) | സർവകലാശാലാ വകുപ്പുകളെ വൈജ്ഞാനിക ഗവേഷണ പ്രവർത്തനങ്ങൾക്കായുള്ള മികവിന്റെ | (സി) | 20.04.2023 തീയതിയിലെ സ.ഉ.(സാധാ)നം. 576/2023/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരവും, |

| | | | |
|---|---|---|---|
| | കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനായി നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നറിയിക്കുമോ? | | 23.08.2023 തീയതിയിലെ സ.ഉ.(സാധാ) നം.1318/2023/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും KIIFB ഫണ്ടിന്റെ പിന്തുണയോടെ ചുവടെ പറയുന്ന മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനു സർക്കാർ അനുമതി നൽകിയിട്ടുണ്ട് :<br><br>1) കേരള സർവ്വകലാശാല ക്യാമ്പസിൽ താണു പത്മനാഭൻ സെൻറർ ഓഫ് എക്സലൻസ് ഇൻ അസ്ട്രോണമി ആന്റ് ആസ്ട്രോഫിസിക്സ്.<br><br>2) കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂറോഡീജനറേഷൻ ആന്റ് ബ്രെയിൻ ഹെൽത്ത്.<br><br>3) മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ നാനോ സയൻസ് ആൻഡ് നാനോടെക്നോളജി.<br><br>കൂടാതെ, 22.07.2024 തീയതിയിലെ സ.ഉ.(സാധാ) നം. 897/2024/ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം താഴെ പറയുന്ന മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട് :<br><br>1) Centre of Excellence for Teaching, Learning and Training :-<br><br>വിദ്യാർത്ഥികളുടെ വിജയം വർദ്ധിപ്പിക്കുകയും ഒരു കമ്മ്യൂണിറ്റി പങ്കാളിത്തം കെട്ടിപ്പടുക്കുകയും ബൗദ്ധികമായി വ്യത്യസ്തവും സജീവവുമായ ഒരു പഠന സമൂഹത്തിൽ അംഗങ്ങളാകാൻ വ്യക്തികളെ പ്രാപ്തരാക്കുകയും അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാർക്ക് പരിശീലനം നൽകുകയും ചെയ്യുകയാണ് ഇതിന്റെ ലക്ഷ്യം.<br><br>2) Kerala Institute for Science, Technology and Innovation (KISTI):<br><br>നാനോ ടെക്നോളജി, അഡ്വാൻസ്ഡ് മെറ്റീരിയൽസ്, സിസ്റ്റംസ് ബയോളജി, ബയോഡേറ്റ അനാലിസിസ്, റോബോട്ടിക്സ്, എനർജി എഞ്ചിനീയറിംഗ്, ഇലക്ട്രിക് മൊബിലിറ്റി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങി ഇന്ന് ഉയർന്നു വരുന്ന വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിക്കുന്നതിനുവേണ്ടി ഒരു മാനവിക സമൂഹത്തെ പടുത്തുയർത്തുകയും അതിൽകൂടി ഒരു പുതിയ വിജ്ഞാനത്തിന്റെയും മാനവിക വൈദഗ്ധ്യത്തിന്റെയും ഒരു പുത്തൻ കേരളം സൃഷ്ടിക്കുകയും ചെയ്യുകയാണ് ഇതിന്റെ ലക്ഷ്യം.<br><br>3) Kerala Institute of Advanced Studies (KIAS): |

കേരളത്തിന്റെ ചരിത്രം, സമൂഹം, സാമ്പത്തിക വ്യവസ്ഥ, സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയിലുള്ള നിർവ്യാപനമായ പഠനത്തെയും ഗവേഷണത്തേയും ഇത് ലക്ഷ്യം വെയ്ക്കുന്നു.

4) Kerala Network for Research-Support in Higher Education (KNRSHE) :

കോളേജുകളിലെ അധ്യാപകരെയും ഗവേഷകരെയും കൈപിടിച്ച് ഉയർത്തുന്നതിനും സഹായിക്കുന്നതിനും ഫണ്ട് റൈറ്റിംഗിന്റെ ആക്കം നിലനിർത്തുന്നതിനും സ്വകാര്യ സ്രോതസ്സുകൾ ഉൾപ്പെടെയുള്ള വിവിധ ഏജൻസികളിൽ നിന്നും ഗവേഷണ ഫണ്ട് സ്വരൂപിക്കുന്നതിനും ഗവേഷണം നടത്താൻ അവരെ സഹായിക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു.

5) Centre for Indigenous Peoples Education (CIPE):

തദ്ദേശീയരായ ജനങ്ങളുടെ വിദ്യാഭ്യാസത്തിനായി ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെയും ആദിവാസിക്ഷേമവകുപ്പിന്റെയും സംയുക്ത സംരംഭമാണിത്.

6) The Kerala Institute for Gender Equality (KIGE):

സമൂഹത്തിലെ ലിംഗനീതിയും സാമൂഹ്യപരിഷ്കരണവും നടപ്പിലാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

7) Kerala Language Network (KLN) :

കേരള ഭാഷ ശൃംഖല മലയാളം ഉൾപ്പെടെ വിവിധ ഭാഷകളെ വിജ്ഞാനത്തിന്റെ ഭാഷയായി വികസിപ്പിക്കുകയും, വിവിധ സംരംഭങ്ങൾ ഏറ്റെടുത്ത് ഭാഷകളെ പ്രോത്സാഹിപ്പിക്കുകയും സംസ്കാരങ്ങളെ ആഘോഷിക്കുകയും ചെയ്യുകയെന്നതാണ് ഇതിന്റെ ലക്ഷ്യം.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ നിയമ രംഗത്തെ ഗവേഷണങ്ങളും നൂതന ആശയങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി 5 ഇന്റർ യുണിവേഴ്സിറ്റി സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കാലിക്കറ്റ് സർവ്വകലാശാലയിൽ സെന്റർ ഫോർ കൊഗ്നിറ്റീവ് സയൻസ്, സെന്റർ ഫോർ എക്സിക്യൂട്ടീവ് എഡ്യൂക്കേഷൻ എന്നിവ ആരംഭിക്കുന്നതിനുള്ള ശുപാർശകൾ സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്.

| | | | |
|---|---|---|---|
| | | | കേരള സർവകലാശാലയിൽ താഴെപറയുന്ന സെന്ററുകളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>1. Inter University Centre for Genomics and Gene Technology<br><br>2. Inter University Centre for Biodive rsity Conservation & Bioresources Technology Centre for Agroecology and Public Health<br><br>എംജി സർവ്വകലാശാലയിൽ ഇന്റർയൂണിവേഴ്സിറ്റി/ ഇന്റർഡിസിപ്ലിനറി സെന്ററുകളുടെ പ്രവർത്തനത്തിനായി Convergence Academia Complex നിർമ്മാണം പൂർത്തിയായി. |

സെക്ഷൻ ഓഫീസർ